# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1184 31.10.2019 ൽ മറുപടിക്ക്**

**റെസ്റ്റ് ഹൗസുകളിലെ ക്രമക്കേടുകൾ**

| **ചോദ്യം**<br>**ശ്രീ.സണ്ണി ജോസഫ്** | | **മറുപടി**<br>**ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) സംസ്ഥാനത്തെ റെസ്റ്റ് ഹൗസുകളിൽ നടക്കുന്ന ക്രമക്കേടുകൾ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ റെസ്റ്റ് ഹൗസുകളിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗം 2016 നവംബർ, ഡിസംബർ മാസങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ എറണാകുളം, തിരുവനന്തപുരം, കോട്ടയം റെസ്റ്റ് ഹൗസുകളിലും, ബന്ധപ്പെട്ട സെക്ഷനുകളിലും, ഡിവിഷൻ ഓഫീസുകളിലും പരിശോധന നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഈ വർഷം നടത്തിയ അന്വേഷണത്തിൽ ഏതൊക്കെ റെസ്റ്റ് ഹൗസുകളിലാണ് ക്രമക്കേട് കണ്ടെത്തിയിട്ടുള്ളത് എന്നറിയിക്കാമോ; ആയതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | (ബി) | ഈ വർഷം പൊതുമരാമത്ത് വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ കൊല്ലം, കോട്ടയം, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു. ചങ്ങനാശ്ശേരി, കായംകുളം, പാലാ, കുന്നംകുളം, ആലുവ എന്നീ റെസ്റ്റ് ഹൗസുകളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും പൊതുമരാമത്ത് വിജിലൻസിന്റെ അന്വേഷണത്തെ തുടർന്ന് ചങ്ങനാശ്ശേരി, കുന്നംകുളം എന്നീ റെസ്റ്റ് ഹൗസിലെ കെയർടേക്കർമാരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പാലാ റെസ്റ്റ് ഹൗസിലെ ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ടിനെ തുടർന്ന് പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കുകയും മാനേജർക്ക് മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്. ആലുവ റെസ്റ്റ് ഹൗസിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് 2 അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് മെമ്മോ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**